64-ാമത് കേരള സ്കൂൾ കലോത്സവം
തിയ്യതി....................
പ്രോഗ്രാം കമ്മിറ്റി

## വിഷപ്പാമ്പ്

'ചില സമയങ്ങളിൽ സ്നേഹിക്കപ്പെടാനുള്ള ശരിയായ വഴി ഉപേക്ഷിച്ചു പോകുക എന്നതാണ്' ഫോണിൽ തുടരെത്തുടരെയായി വന്നുകൊണ്ടിരുന്ന അമ്മയുടെ ഓരോ കോളുകളും അവഗണിക്കുമ്പോഴും രവിയുടെ മനസ്സിൽ ഇതുമാത്രമായിരുന്നു. അമ്മയോട് വഴക്കിട്ട് വീട് വിട്ടിറങ്ങിയതേ ഓർമ്മയുള്ളൂ. ഇനി എങ്ങോട്ടെന്നറിയില്ല. എങ്കിലും അമ്മയോടുള്ള കടുത്ത നിരസം ഇപ്പോഴും മനസ്സിലുണ്ട്. ഫോൺകട്ട് ചെയ്ത് അവൻ പാർക്കിന്റെ വടക്കുഭാഗത്തുള്ള ഒറ്റമരത്തിലേക്ക് നോക്കി. ഇന്നും ആ പക്ഷി അവിടെ തന്നെയുണ്ട്. സ്ഥിരം സ്ഥാനത്തുനിന്നും ഒരടി പോലും മാറാതെ. തന്റെ പതുപതുത്ത രോമങ്ങളാൽ കുഞ്ഞിക്കിളികളെ മുട്ടിയുരുമ്മിയിരിക്കുന്ന അതിനെ കണ്ടപ്പോൾ രവിയുടെ മനസ്സിൽ കുറ്റബോധത്തിന്റെ അലയിളകി. ആ തള്ളക്കിളിയെപ്പോലെയല്ലേ ഓരോ അമ്മമാരും അവരുടെ കുഞ്ഞുങ്ങളെ സ്നേഹത്തിന്റെ നിറവും നിഴലും ചേർത്ത് വളർത്തിയെടുക്കുന്നത്. പൊടുന്നനെ അവന്റെ ശ്രദ്ധയാകർഷിച്ചുകൊണ്ട് ഒരു വൃദ്ധ ആ മരത്തിന്റെ തണലിൽ സ്ഥാനം പിടിച്ചു. കൈയ്യിലിരുന്ന റൊട്ടിക്കഷ്ണം ഒരു പൊടി പോലും താഴെ കളയാതെ കഴിക്കുകയാണവർ. ഈ ലോകത്തിൽ ഏറ്റവും

കൂടുതൽ എഴുതപ്പെടേണ്ട വിഷയം പ്രണയമല്ല ; വിശപ്പാ-
-ണ് എന്നവനു തോന്നി.

"അമ്മ എന്താണിവിടെ തനിച്ചിരിക്കുന്നത് ? ഞാൻ എന്തെങ്കിലും സഹായിക്കണോ ?"

ഒന്നുരണ്ടു തവണ പരസ്പരം കണ്ടിട്ടുണ്ടെങ്കിലും ഒരു സംഭാഷണത്തിന് തുടക്കമിടുന്നത് അന്നാദ്യമായായിരുന്നു. തന്റെ ചോദ്യം ഒരബദ്ധമായിപ്പോയോ എന്നവനു തോന്നി. നിസ്സംഗതയായിരുന്നു മറുപടി. അത്രയും നിസ്സംഗതയോടെ ഒരാളെ അവനതിനുമുൻപ് കണ്ടിട്ടില്ല. അവരുടെ കണ്ണിലെ ജീവനില്ലായ്മ അവൻ തിരിച്ചറിഞ്ഞു.

"അമ്മയെ ഞാൻ ഇതിനുമുൻപ് കണ്ടിട്ടുണ്ട്. അമ്മയുടെ മക്കളെ ആരെയെങ്കിലും വിവരമറിയിക്കണോ ഞാൻ ?"

"വേണ്ട..." തന്റെ കണ്ണുകൾ ഇറുക്കിയടച്ച് ആകാവുന്ന അത്രയും ഉച്ചത്തിൽ അവർ അലറി.

"ബന്ധങ്ങളെ വേണ്ടാത്തവൻ, അതിനെ വിലകല്പിക്കാ-
-ത്തവൻ, അവന്റെയടുത്തേക്ക് ഞാനെന്തിന് പോണം..."

അത്രയും നേരമുണ്ടായിരുന്ന നിസ്സംഗതയായിരുന്നില്ല ; ജ്വലിക്കുന്ന കണ്ണുകൾ അവനെ ഭയപ്പെടുത്തി. തുന്നിചേർത്ത തുണിസഞ്ചി തന്റെ മാറോടമർത്തി ആ വൃദ്ധ അവനിൽ നിന്നും നടന്നകന്നു. അവിചാരിതമായുണ്ടായ ആ അന്തരീക്ഷത്തെ പിടിച്ചുകുലുക്കിക്കൊണ്ട് തള്ളപ്പക്ഷി എങ്ങോ ചിറകടിച്ചു

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

പറന്നു. ആ ചിറകടിശബ്ദം അവനെ കൂടുതൽ ഭയപ്പെടു-
-ത്തുന്നതായിരുന്നു. അവരെ പിന്തുടരാൻ അവന്
പ്രത്യേകിച്ച് കാരണമൊന്നുമുണ്ടായിരുന്നില്ല. പക്ഷേ...

"അമ്മ എന്നോട് ക്ഷമിക്കണം. ഒറ്റയ്ക്കിവിടെ കണ്ടതു-
-കൊണ്ട് ചോദിച്ചതാ... വഴി തെറ്റിയതോ മറ്റോ ആകുമെന്ന്
കരുതി."

അവന്റെ മുഖത്തെ ജാള്യത തിരിച്ചറിഞ്ഞതുകൊണ്ടാ-
-വണം, അവർ സാരമില്ല എന്ന രീതിയിൽ തലയാട്ടി.
ക്ഷമാപണം എന്നവണ്ണം തന്റെ ബാഗിൽ കരുതിയ
ഭക്ഷണപ്പൊതിയെടുത്ത് അവൻ അവർക്കുനേരെ നീട്ടി.
ഇരുകൈകളും കൊണ്ട് അവരത് വാരി വാരി കഴിക്കുന്നത്
കണ്ടപ്പോൾ ആ വിശപ്പിന്റെ തീവ്രത അവൻ
മനസ്സിലാക്കി. ഇതുവരെ രഹസ്യമായിരുന്ന ഒരു വലിയ കഥ
ഹൃദയത്തിൽ നിന്ന് പുറപ്പെടാൻ തയ്യാറെടുക്കുന്നത്
പോലെ അവരൊന്ന് വിറകൊണ്ടു. കൊക്കിലെന്തോ
കൊത്തിയൊതുക്കി തന്റെ കൂടിനുനേരെ പറന്നടുക്കുന്ന
പക്ഷിയോടൊപ്പം അമ്മ തന്റെ ജീവിതപുസ്തകം തുറന്നു.

"എന്റെ സിദ്ധു... അവനൊരു പാവമായിരുന്നു.
ഒരുപാടു നാളത്തെ കാത്തിരിപ്പിനൊടുവിൽ കിട്ടിയൊരാൺ-
-തരി. പക്ഷേ എപ്പോഴാണ് അവൻ മാറിത്തുടങ്ങിയത്
എനിക്കറിയില്ല. ഒടുവിൽ പാലൂട്ടി വളർത്തിയ കൈകൾക്ക്

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★ തൃശ്ശൂർ
തിയ്യതി.....................

നേരെ തന്നെ അവൻ ആയുധമെടുക്കുമെന്ന് കരുതിയില്ല."
പറഞ്ഞു തുടങ്ങിയതും അവരുടെ കണ്ണുകൾ കലങ്ങി.
പിന്നീടൊരു തിരിഞ്ഞുനോട്ടമായിരുന്നു ; അന്നും ഇന്നും
എന്നും ഭീതിപടർത്തുന്ന അനുഭവങ്ങളിലൂടെ...

"ഹലോ... ഇത് സിദ്ധാർത്ഥിന്റെ അമ്മയല്ലേ... പോലീസ്
~~സ്റ്റേഷ~~ സ്റ്റേഷനിൽ നിന്നാണ്."

"എന്താ സാർ ?"

"നിങ്ങളൊന്നിവിടെ വരെ വരണം... നിങ്ങളുടെ മകനിപ്പോൾ
പോലീസ് ~~സ്റ്റേ~~ കസ്റ്റഡിയിലാണ്... കാര്യങ്ങൾ വന്നിട്ട് പറയാം..."
കോൾ കട്ട് ചെയ്ത് തന്റെ വീടിന്റെ ചുമരിൽ തൂക്കിയിട്ട
ഭർത്താവിന്റെ ഫോട്ടോ നോക്കി ആ അമ്മ വിതുമ്പി.
"നമ്മുടെ മോനെ എനിക്ക് നിയന്ത്രിക്കാനാവുന്നില്ല..."
ലഹരിക്കേസിൽ അകത്തായ തന്റെ മകന്റെ വാർത്ത
പത്രങ്ങളിൽ നിറഞ്ഞു നിന്നപ്പോൾ ആ അമ്മ
അവിടെ എന്നെന്നേയ്ക്കുമായി തോറ്റുപോവുകയായിരുന്നു.

"മോനേ... സിദ്ധൂ... കത്തി താഴെയിടെടാ... അമ്മയ്ക്ക്
പേടിയാവുന്നു." മകന്റെ അത്തരമൊരു ഭാവം അമ്മയ്ക്ക്
അപരിചിതമായിരുന്നു.

"എനിക്ക് പണം വേണം... അത് നിങ്ങള് തരണം
ഇല്ലെങ്കിൽ തള്ളേ നിങ്ങളെ കൊല്ലാനും എനിക്ക്

മടിയില്ല."

പലതവണ തിരുത്താൻ ശ്രമിച്ചെങ്കിലും മകന്റെ ലഹരിയോടുള്ള താൽപര്യം അമ്മയ്ക്ക് മാറ്റാനായില്ല. അവന്റെ പല സൗഹൃദങ്ങൾക്കും തുടക്കമിട്ടതും ആ പുകപടലങ്ങൾ തന്നെയായിരുന്നു. പക്ഷേ, പുകയിലയിൽ തുടങ്ങി അത് സിറിഞ്ച് വരെ വളർന്നതുമാത്രം ആരും അറിഞ്ഞില്ല.

ലഹരിയുടെ തീവ്രമായ ആനന്ദത്തിൽ ഒരു ഭ്രാന്തനെപ്പോലെ അവൻ എന്തൊക്കെയോ പുലമ്പി. കണ്ണുകൾക്ക് രക്തവർണ്ണം. കണ്ണിനടിയിൽ കറുപ്പ് സ്ഥാനം പിടിച്ചിരിക്കുന്നു. മെലിഞ്ഞ ശരീരവും നീളൻ താടിയും. ഈ നിൽക്കുന്നത് തന്റെ തന്നെ മകനാണോ എന്ന് തോന്നിപ്പോയി അവർക്ക്.

ആദ്യവെട്ട് ഒഴിഞ്ഞുമാറിയെങ്കിലും അടുത്തത് അമ്മയ്ക്ക് തടയാനായില്ല. ചോരവാർന്നൊലിക്കുന്ന കൈകളുമായി ആ വീട്ടിൽ നിന്ന് രക്ഷപ്പെടുമ്പോൾ ഇനിയൊരിക്കലും തന്റെ മകന്റെ മുന്നിൽ പെടരുതെന്ന ഒറ്റചിന്തയെ അവർക്കുണ്ടായിരുന്നുള്ളൂ.

"പണ്ട് തന്റെ സാരിത്തുമ്പ് വിട്ടുമാറാത്ത ചെറുക്കനാ... ഇന്ന്..."

പെട്ടെന്ന് രവി ഞെട്ടിയെഴുന്നേറ്റു. തന്റെ ഓരോ കുഞ്ഞിനെയായി ഒരു വിഷപ്പാമ്പ് ഭക്ഷണമാക്കുന്നത്

64-ാമത് കേരള സ്കൂൾ കലോത്സവം
2026 ജനുവരി 14 - 18 - തൃശ്ശൂർ

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★

Item Code: 950 Participant Code: 097

നിസ്സഹായയായി നോക്കി നിൽക്കുന്ന ആ തള്ളപ്പക്ഷിയെ അവൻ കണ്ടു. രവിയുടെ കണ്ണുകൾ നിറഞ്ഞു.

ലഹരിയാകുന്ന വിഷപ്പാമ്പിനാൽ ജീവിതം നഷ്ടപ്പെട്ട, മുറിവേൽക്കപ്പെട്ട പക്ഷിയെ പോലെ വൃദ്ധയും ഇരുന്നു. പാർക്കിലെ ഒറ്റമരത്തിൽ പക്ഷിയിന്ന് ഒറ്റയ്ക്കാണ്; ആ വൃദ്ധയെ പോലെ...

അവരോട് യാത്ര പറഞ്ഞ് മടങ്ങുമ്പോൾ രവി, അവൻ പുതിയൊരു മനുഷ്യനായിരുന്നു... പുതിയൊരു മകനായിരുന്നു...

ഇരുട്ട് മെല്ലെ പടർന്നിരിക്കുന്നു... ആരുടേയോ മനസ്സു പോലെ...

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).